പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2485

13.02.2013-ലെ മറുപടിയ്ക്ക്

**വ്യവസായ സംരംഭം തുടങ്ങാത്തവരിൽ നിന്നും ഭൂമി തിരിച്ചെടുക്കൽ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. കെ.എസ്.സലീഖ | ശ്രീ.പി. കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) വ്യവസായം നടത്താനെന്ന പേരിൽ സ്ഥലം ഏറ്റെടുത്തിട്ട്, ഒന്നും ചെയ്യാതിരുന്ന നിക്ഷേപകരിൽ നിന്നും വിവിധ കിൻഫ്ര പാർക്കുകളിൽ നിന്നും എത്ര ഏക്കർ സ്ഥലം തിരിച്ചെടുക്കുന്നു; സ്ഥലം അലോട്ട് ചെയ്തിട്ട് എത്ര വർഷം കഴിഞ്ഞവരിൽ നിന്നാണ് സ്ഥലം തിരിച്ചെടുത്തത്; ഇവർക്ക് മുന്നറിയിപ്പ് നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) കിൻഫ്രയുടെ വിവിധ വ്യവസായ പാർക്കുകളിൽ വ്യാവസായിക ആവശ്യത്തിനായി അലോട്ട് ചെയ്ത ഭൂമികളിൽ ലൈസൻസ് എഗ്രിമെൻറ് പ്രകാരം രണ്ടുവർഷമോ അതിലധികമോ ആയി വ്യവസായങ്ങളൊന്നും ആരംഭിക്കാത്ത നിക്ഷേപകരിൽ നിന്ന് 148.7725 ഏക്കർ ഭൂമി കിൻഫ്ര തിരിച്ചെടുത്തിട്ടുണ്ട്. കൂടാതെ രണ്ടു വർഷമോ അതിലധികമോ ആയി വ്യവസായങ്ങൾ ഒന്നും ആരംഭിക്കാത്ത നിക്ഷേപകർക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ട്. ഇപ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയ നിക്ഷേപകർക്ക് അലോട്ട് ചെയ്തിട്ടുള്ള ഭൂമി 243 ഏക്കറാണ്. |
| (ബി) എമർജിംഗ് കേരള സമ്മേളനത്തിന് മുമ്പ് സ്ഥലം വ്യവസായത്തിനെന്ന പേരിൽ കൈക്കലാക്കാൻ ശ്രമിക്കുന്ന നിക്ഷേപകരെക്കുറിച്ച് വിവാദം ഉയർന്നത് ശ്രദ്ധയിൽപ്പെട്ടുവോ; അതിൻെറ ഭാഗമായിട്ടാണോ ഇത്തരത്തിൽ സ്ഥലം ഏറ്റെടുക്കുവാൻ കിൻഫ്ര തീരുമാനിച്ചത്; വിശദമാക്കുമോ; | ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കിൻഫ്രയിൽ വ്യവസായങ്ങൾ ആരംഭിക്കാൻ ഭൂമി അലോട്ട് ചെയ്താൽ 24 മാസത്തിനുള്ളിൽ വ്യവസായങ്ങൾ പ്രവർത്തനം ആരംഭിക്കണം എന്നതാണ് വ്യവസ്ഥ . ഈ വ്യവസ്ഥ ലംഘിക്കുന്ന വ്യവസായ സംരംഭകർക്ക് കിൻഫ്ര നോട്ടീസ് നൽകുകയും സംരംഭകരുടെ ഭാഗത്തുനിന്നും പ്രതികരണം ഉണ്ടാകാത്ത പക്ഷം അനന്തര നിയമ നടപടികളിലേക്ക് കടക്കുകയും തുടർന്ന് ഭൂമി തിരിച്ചെടുക്കുകയുമാണ് ചെയ്യാറുള്ളത്. |

| | | | |
|---|---|---|---|
| സി) | ഒന്നോ, രണ്ടോ ഏക്കർ എടുത്തിട്ടും ഒന്നും ചെയ്യാത്തവർക്കും ഒഴിയാൻ നോട്ടീസ് നൽകിയിട്ടുണ്ടോ; വിശദമാക്കാമോ; | സി) | വ്യവസായ ആവശ്യങ്ങൾക്കായി എടുക്കുന്ന ഭൂമി എത്ര ആയിരുന്നാലും നിശ്ചിത സമയ പരിധിയായ 24 മാസത്തിനുള്ളിൽ പ്രവർത്തനം ആരംഭിച്ചില്ലെങ്കിൽ കിൻഫ്ര നോട്ടീസ് നൽകുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്. |
| ഡി) | വ്യവസ്ഥകൾ അനുസരിച്ച് സ്ഥലം ഏറ്റെടുത്താൽ എത്ര മാസത്തിനകം പ്ലാൻ സമർപ്പിക്കാനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്; എത്ര വർഷത്തിനുള്ളിൽ പണി തീർക്കണം; എത്ര സമയത്തിനുള്ളിൽ പ്രവർത്തനം ആരംഭിക്കണം; വ്യക്തമാക്കുമോ; | ഡി | വ്യവസ്ഥകൾ അനുസരിച്ച് സ്ഥലം ഏറ്റെടുത്താൽ 6 മാസത്തിനകം നിർമ്മിക്കാനുദ്ദേശിക്കുന്ന ഫാക്ടറിയുടെ പ്ലാൻ സമർപ്പിക്കണമെന്നും 18 മാസത്തിനുള്ളിൽ നിർമ്മാണം ആരംഭിച്ച് പൂർത്തിയാക്കി സ്ഥാപനം പ്രവർത്തന ക്ഷമമാക്കണം എന്നുള്ളതുമാണ് വ്യവസ്ഥ. |
| ഇ) | പ്രസ്തുത വ്യവസ്ഥകൾ പാലിക്കാത്ത ഏതൊക്കെ നിക്ഷേപകരിൽ നിന്നും കിൻഫ്ര ഇതിനകം സ്ഥലം തിരിച്ചെടുത്തു; എത്ര ഏക്കർ വീതം തിരിച്ചെടുത്തു; ഇവർക്ക് നഷ്ടപരിഹാരമായി എന്ത് തുക നൽകി; വ്യക്തമാക്കുമോ; | ഇ) | വ്യവസ്ഥകൾ പാലിക്കാത്തതിനാൽ നിയമ നടപടികൾ പൂർത്തിയാക്കി ഭൂമി തിരിച്ചെടുത്ത വ്യവസായ സംരംഭകരുടെ പട്ടിക അനുബന്ധം-1 ആയി ചേർക്കുന്നു. ഇതുപ്രകാരം വ്യവസായ സംരംഭകരിൽ നിന്നും കിൻഫ്ര 148.7725 ഏക്കർ ഭൂമി തിരിച്ചെടുത്തിട്ടുണ്ട്. കിൻഫ്ര വ്യവസ്ഥകൾ പ്രകാരം ഭൂമി തിരിച്ചെടുക്കുമ്പോൾ നിക്ഷേപകരിൽ നിന്നുതന്നെ അവർ അടയ്ക്കുന്ന തുകയുടെ 10% നിരതദ്രവ്യം കണ്ടുകെട്ടി നിയമപരമായി അവർ അടയ്ക്കേണ്ട കോമൺ ഫെസിലിറ്റി ചാർജ്ജുകൾ, ലൈസൻസ് ഫീ എന്നിവ കുട്ടിക്കിഴിച്ച് ബാക്കി തുക നിക്ഷേപകർക്ക് മടക്കി നൽകാറുണ്ട്. |
| എഫ്) | നിലവിൽ ഒഴിയാൻ ആവശ്യപ്പെട്ട് കിൻഫ്ര നോട്ടീസ് നൽകിയ പ്രമുഖ നിക്ഷേപകർ ആരൊക്കെ ആണെന്നും അവരുടെ കൈവശം എത്ര ഏക്കർ ഭൂമി വീതമുണ്ടെന്നും വ്യക്തമാക്കുമോ? | | നിശ്ചിത സമയത്തിനുള്ളിൽ വ്യവസായങ്ങൾ ആരംഭിക്കാത്ത എല്ലാ വ്യവസായ സംരംഭ കർക്കും കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ട്. ഇതു പ്രകാരം നോട്ടീസ് നൽകിയ വ്യവസായ സംരംഭകരുടെ വിശദാംശങ്ങൾ അനുബന്ധം രണ്ടായി ചേർക്കുന്നു. |

Haseena Kareem

സെക്ഷൻ ഓഫീസർ

അനുബന്ധം I

## ഭൂമി തിരിച്ചെടുത്തവരുടെ വിശദാംശങ്ങൾ

| ക്രമ നം. | സംരംഭകന്റെ പേര് | സ്ഥലം (ഏക്കർ) |
|---|---|---|
| 1 | M/s TCG Urban Infrastructure Holdings Pvt. Ltd., KINFRA Hitech Park, Kalamassery | 50.00 |
| 2 | M/s RMZ Realtors, KINFRA Export Promotion Industrial Park, Kochi | 75.00 |
| 3 | All India Handloom Fabric Marketing Co-operative Society Ltd., Apparel Park, Thumba | 3.00 |
| 4 | M/s Kancor Flavours Ltd., KINFRA Park, Mazhuvannur | 2.50 |
| 5 | M/s Elite Foods, KINFRA Park, Koratty | 1.50 |
| 6 | Mr. Suresh Gopi, Film & Video Park, Trivandrum | 2.00 |
| 7 | M/s Magic Hosiery Ltd., Apparel Park, Trivandrum | 1.99 |
| 8 | BSNL, KINFRA Park, Kunnamthanam | 0.20 |
| 9 | M/s TKM Perfumes, KINFRA Park, Kasargod | 0.50 |
| 10 | M/s Cottanad Plantations, KINFRA Park, Wayanad | 0.52 |
| 11 | M/s Dortech Pvt. Ltd., KINFRA Park, Koratty | 1.66 |
| 12 | Mr.M M Rasheed, KINFRA Techno Industrial Park, Kakkancherry | 0.11 |
| 13 | M/s Silver Packs, KTIP, Kakkancherry | 0.14 |
| 14 | Mr. Eby Joy Pottas, KSIP, Mazhuvannur | 0.55 |
| 15 | Mr. A I Joy, KSIP, Mazhuvannur | 0.57 |
| 16 | Mr. Arun Varghese, KSIP, KSIP, Mazhuvannur | 0.51 |
| 17 | M/s Mega Exporters, KSIP, Trivandrum | 0.50 |
| 18 | M/s Crystal Acqua Products, Apparel Park, Trivandrum | 0.50 |
| 19 | M/s Polyflex Packaging Industries, KINFRA Techno Industrial Park, Kakkancherry | 0.1425 |
| 20 | M/s Elive Oil & Refineries, KINFRA Techno Industrial Park, Kakkancherry | 0.30 |
| 21 | Mr. K G Govind, Apparel Park, Trivandrum | 0.44 |
| 22 | Mr. Praveen Paul Vijayan, KINFRA Park, Wayanad | 0.40 |
| 23 | M/s Compact Disc India Ltd., Film & Video Park, Trivandrum | 1.00 |
| 24 | M/s Revmed Health Data Processing Pvt. Ltd., Film & Video Park, Trivandrum | 0.50 |
| 25 | Mr. P K Francis, KINFRA Park, Kunnamthanam | 0.30 |
| 26 | Mr. Jaison Vincent, Textile Centre, Kannur | 1.00 |
| 27 | M/s Rainbow Woodcraft, KINFRA Park, Kasargod | 1.00 |
| 28 | Mr. Kuriakose Philip, KINFRA Park, Koratty | 0.36 |
| 29 | Mr. Mathews Jacob, KINFRA Park, Kunnamthanam | 1.00 |
| 30 | M/s Malanad Foods, KINFRA Techno Industrial Park, Kakkancherry | 0.35 |
| 31 | M/s Vinplast Polymers, KINFRA Park, Mazhuvannur | 0.23 |
| | Total | 148.7725 |

അനുബന്ധം 2

## Allotment of land in KINFRA Parks –
## നിയമപരമായ കാരണം കാണിക്കൽ നോട്ടീസ് നല്കിയത്

### KINFRA Palakkad

| Sl. No. | Name of the allottee | Area allotted in acres | Thrust Sector |
|---|---|---|---|
| 1 | M/s Leela Lace Holdings Ltd. (36.26 acres) | 36.26 | Knowledge hub (IT / ITES) |
| 2 | M/s Parsvanath SEZ Ltd. | 37.21 | Knowledge hub (IT / ITES) |
| 3 | M/s MPG Hotels & Infrastructure Ventures Pvt. Ltd. (Muthoot Group) | 36.00 | Knowledge hub (IT / ITES) |
| | TOTAL | 109.47 | |

### KINFRA Hitech Park, Kalamassery, Kochi

| Sl. No. | Name of the allottee | Area allotted in acres | Thrust Sector |
|---|---|---|---|
| 1 | M/s Zoom Developers | 40.00 | Setting up an International Exhibition and Trade centre |
| 2 | M/s SFO Technologies Ltd | 30.00 | Special Economic Zone for Electronics |
| 3 | M/s Arens Gold Souk International Ltd. | 33.00 | Gem & Jewellery park |
| 4 | M/s Sutherland Global Services | 25.00 | IT / ITES |
| | TOTAL | 128.00 | |

### KINFRA Film & Video Park, Trivandrum

| Sl. No. | Name of the allottee | Area allotted in acres | Thrust Sector |
|---|---|---|---|
| 1 | M/s Toonz Infrastructure Pvt. Ltd. | 5.53 | Animation services |

S.O.